# അതിരൂപതാ ദിനാഘോഷവും

## 'ജനപങ്കാളിത്തത്തിലൂടെ രാഷ്ട്രീയനീതി'

**എന്ന വിഷയത്തിലധിഷ്ഠിതമായ കൺവെൻഷനും.**

**സെന്റ് ജോസഫ്സ് സ്ക്കൂൾ ആഡിറ്റോറിയം**
**2009 ഒക്ടോബർ 2.**

തിരുവനന്തപുരം അതിരൂപത സ്ഥാപിതമായിട്ട് 72 വർഷം പിന്നിടുകയാണ്. കഴിഞ്ഞ വർഷങ്ങളിൽ വി. കൊച്ചുത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് ഒക്ടോബർ 2-ാം തിയതിയാണ് നാം അതിരൂപതാ ദിനമായി ആഘോഷിക്കുന്നത്. ഓരോ വർഷവും ഒരു പ്രത്യേക വിഷയം അടിസ്ഥാനപ്പെടുത്തി ഒരു കൺവെൻഷനും തുടർന്ന് അതിരൂപത അദ്ധ്യക്ഷന്റെ കാർമ്മികത്വത്തിൽ പൊന്തിഫിക്കൽ ദിവ്യബലിയും നടക്കും. ഈ വർഷം 'ജനപങ്കാളിത്തത്തിലൂടെ രാഷ്ട്രീയനീതി' എന്ന വിഷയമാണ് നാം പഠനത്തിന് വിധേയമാക്കുന്നത്. സഭാരംഗത്ത് നമ്മുടെ അൽമായരുടെ പങ്കാളിത്തം ഒരു പരിധിവരെ കൈവരിക്കാൻ സാധിച്ചെങ്കിലും സാമൂഹ്യ രാഷ്ട്രീയ പ്രക്രിയയിൽ നമ്മുടെ ജനങ്ങൾ സജീവമായി പങ്കെടുത്തു കാണുന്നില്ല. ഒരു പ്രദേശത്തിന്റെ വികസനപ്രക്രിയയിൽ പങ്കെടുക്കാനുള്ള ഒരു സാദ്ധ്യതയാണ് ഇതുമൂലം നമുക്ക് നഷ്ടമാകുന്നത്. ഈ ഒരു പശ്ചാത്തലത്തിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ രൂപപ്പെടുന്ന വികസനപ്രക്രിയയിൽ പങ്കുചേരേണ്ടതിന്റെ ആവശ്യകത നാം മനസ്സിലാക്കുന്നത്. ഈ പ്രക്രിയയിൽ കഴിഞ്ഞ കാലങ്ങളിൽ ചില നീക്കങ്ങൾ നടത്തുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. തൽഫലമായി നമുക്ക് മുൻതൂക്കമുള്ള 7 തീരദേശ പഞ്ചായത്തുകളിലും കോർപ്പറേഷന്റെ 15 വാർഡുകളിലും നമ്മുടെ സജീവ സാന്നിധ്യം ഉണ്ട്. ഈ പ്രദേശങ്ങൾക്ക് വേണ്ടിയുള്ള ഒരു വികസനരേഖ ഇതിന്റെ തുടർച്ചയായി രൂപപ്പെടുത്തുകയും നല്ല ജനപ്രതിനിധികളെ തിരഞ്ഞെടുക്കാനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്യേണ്ടതുണ്ട്.

വിദ്യാഭ്യാസത്തിന് മുൻതൂക്കം നൽകുന്ന ഈ വർഷത്തിൽ സാമൂഹ്യമാറ്റം സാദ്ധ്യമാകുന്നത് വിദ്യാഭ്യാസത്തിലൂടെയാണെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. നിയമനിർമ്മാണ സഭ, നീതിനിർവ്വഹണ സംവിധാനം, കാര്യ നിർവ്വഹണം എന്നീ മേഖലകളിൽ നമ്മുടെ സജീവ സാന്നിദ്ധ്യം ഉറപ്പാക്കേണ്ടതുണ്ട്. മാധ്യമങ്ങളുടെ വർദ്ധിച്ചുവരുന്ന സ്വാധീനം മനസ്സിലാക്കി ഈ രംഗത്ത് കാര്യക്ഷമമായ ഇടപെടൽ നടത്തുവാനും നമുക്കാവണം. നമ്മുടെ ജനങ്ങളുടെ മനുഷ്യശേഷി ആകുന്നിടത്തോളം വികസിപ്പിച്ചെടുത്തുകൊണ്ട് ജനങ്ങളെ മുഖ്യധാരയിലേക്ക് എത്തിക്കാനും ഇത്തരം മുന്നേറ്റങ്ങളിലൂടെ സാധിക്കണം.

നമ്മുടെ അതിരൂപതാ ദിനത്തോടനുബന്ധിച്ച് ഒക്ടോബർ 2-ാം തിയതി ഉച്ചയ്ക്കു ശേഷം ജനറൽ ആശുപത്രിക്ക് സമീപമുള്ള സെന്റ് ജോസഫ്സ് സ്ക്കൂൾ ആഡിറ്റോറിയത്തിൽ വച്ച് **ശ്രീ ഗോഡ് ഫ്രെ ലൂയിസ് ഇറയിൽ,** പ്രൊ-വൈസ് ചാൻസിലർ, കൊച്ചിൻ യൂണിവേഴ്സിറ്റി ഉത്ഘാടനം ചെയ്യുന്ന കൺവെൻഷനിൽ നമ്മുടെ അതിരൂപതാദ്ധ്യക്ഷൻ **മോസ്റ്റ് റവ. ഡോ. എം. സൂസപാക്യം** അദ്ധ്യക്ഷപദം അലങ്കരിക്കും. ശ്രീ ഗ്രിഗറി പ്ലാസിഡ് വിഷയം അവതരിപ്പിക്കുകയും ശ്രീമതി ലിഡാ ജേക്കബ് ഐ. എ. എസ്. ശ്രീ ഷാജി ജോർജ്ജ്, ജനറൽ സെക്രട്ടറി കെ. എൽ. സി. എ എന്നിവർ ആശംസകൾ അർപ്പിക്കുകയും ചെയ്യും. എല്ലാവരും കൃത്യം 2.00 മണിക്ക് തന്നെ എത്തിച്ചേർന്ന് കൺവെൻഷൻ വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അഭിവന്ദ്യ സൂസപാക്യം മെത്രാപ്പൊലീത്തയുടെ മുഖ്യകാർമ്മികത്വത്തിൽ നടക്കുന്ന പൊന്തിഫിക്കൽ ദിവ്യബലിയിലും സാധിക്കുന്നിടത്തോളം എല്ലാ വിശ്വാസികളും പങ്കുചേർന്ന് അതിരൂപതാ ദിനാഘോഷങ്ങൾ വിജയമാക്കിത്തീർക്കാൻ സഹകരിക്കണമെന്ന് താല്പര്യപ്പെടുന്നു.

| **സിറിൾ നായകം** | **വെരി.റവ. ഫാ. ജെയിംസ് കുലാസ്** | **മോൺ.യൂജിൻ പെരേര** |
|---|---|---|
| സെക്രട്ടറി,ഡി.പി.സി. | കൺവീനർ,പ്രോഗ്രാം കമ്മിറ്റി | ജനറൽ കൺവീനർ |